

# യുവദീപ്തി എസ്.എം. വൈ.എം


**ചങ്ങനാശേരി അതിരൂപത**

യുവദീപ്തി എസ്.എം.വൈ.എം. സെൻട്രൽ ഓഫീസ്
ആർച്ച് ബിഷപ്സ് ഹൗസ്, ചങ്ങനാശേരി, കേരള - 686 101

Phone: 0481- 2426552 email: yuvadeeptismymchry@gmail.com website: www.yuvadeepti.org


## ഇലക്ഷൻ വിജ്ഞാപനം

**പ്രിയ ബഹുമാനപ്പെട്ട അച്ചാ / സിസ്റ്റർ / സുഹൃത്തേ,**

39-ാമത് സെനറ്റ് വർഷത്തിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ യൂണിറ്റ് ഫൊറോന അതിരൂപത ഭാരവാഹികളെ യുവദീപ്തി എസ്.എം.വൈ.എം. ചങ്ങനാശ്ശേരി അതിരൂപതയുടെ പരിഷ്ക്കരിച്ച നിയമാവലി (1999) യ്ക്കും ചുവടെ നൽകിയിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കും വിധേയമായി തിരഞ്ഞെടുക്കുവാൻ ഇതിനാൽ നിർദ്ദേശിക്കുന്നു.

ഒരു വർഷക്കാലം പൂർണ്ണ മനസ്സോടെയും ത്യാഗമനോഭാവത്തോടെയും ശുശ്രൂഷ ചെയ്യുവാൻ സന്മനസ്സുള്ളവരും ക്രൈസ്തവ മൂല്യങ്ങളിൽ അടിയുറച്ചവരും സഭയുടെ അടിസ്ഥാനതത്വങ്ങളിൽ വിശ്വസിച്ച് കൂദാശാജീവിതം നയിക്കുന്നവരും കക്ഷിരാഷ്ട്രീയ ചിന്താഗതികൾക്കതീതമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരും ഓരോ സ്ഥാനത്തിനും നിയമാവലി നിഷ്കർഷിച്ചിരിക്കുന്ന യോഗ്യതയുള്ളവരുമായ വ്യക്തികളെ വേണം നേതൃനിരയിലേക്ക് തിരഞ്ഞെടുക്കുവാൻ. നിയമാവലിയിലെ 35-ാം വകുപ്പിൽ നൽകിയിരിക്കുന്ന നിയമങ്ങൾ കൃത്യമായി പാലിച്ചിരിക്കണം.

ഫൊറോന തിരഞ്ഞെടുപ്പിൽ സിൻഡിക്കേറ്റ് അംഗങ്ങളായി തിരഞ്ഞെടുക്കുന്നവർക്ക് ഒരു വർഷമെങ്കിലും സെനറ്റ് പരിചയമുണ്ടായിരിക്കുന്നത് അഭികാമ്യമാണ്. അംഗത്വം, പ്രായം, പ്രവർത്തനപരിചയം, മുതലായവയ്ക്കും വൈ.റ്റി.പി കോഴ്സിൽ പങ്കെടുത്ത് ഡിപ്ലോമ നേടിയവർക്കും മുൻഗണന നൽകുന്നത് ഉചിതമാണ്. നിലവിലുള്ള ഭാരവാഹികൾ ഏതെങ്കിലും സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടെങ്കിൽ അതിനാൽ തന്നെ അവരുടെ സെനറ്റ് അംഗത്വം റദ്ദാക്കപ്പെടുന്നതാണ്. ഇലക്ഷൻ നടത്തിപ്പിന്റെ ചുമതല പൂർണമായും റിട്ടേണിംഗ് ഓഫീസറായ ഡയറക്ടർ അച്ചനായിരിക്കും.

എല്ലാ യൂണിറ്റുകളിലും തിരഞ്ഞെടുക്കപ്പെടുന്ന പ്രസിഡന്റുമാർ, സെക്രട്ടറിമാർ, കൗൺസിലർമാർ എന്നിവർക്കായി 2023 ഡിസംബർ 26(കോട്ടയം, ചങ്ങനാശ്ശേരി, മണിമല, കുറുമ്പനാടം, നെടുംകുന്നം), ഡിസംബർ 30 (കുടമാളൂർ,തുരുത്തി, മുഹമ്മ, എടത്വാ ,പുളിങ്കുന്ന്, ) , ഡിസംബർ 31 (അതിരമ്പുഴ, തൃക്കൊടിത്താനം, ചമ്പക്കുളം,

P.T.O

ആലപ്പുഴ, ചെങ്ങന്നൂർ) എന്നീ തീയതികളിലായി നേതൃത്വ പരിശീലന ഏകദിന സെമിനാറുകൾ കുരിശുംമൂട് മീഡിയ വില്ലേജിൽ വച്ചു നടത്തപ്പെടുന്നതാണ്. 2023 ജനുവരി 2ന് കൊല്ലം ആയൂർ ഫൊറോനയിലും, 7ന് തിരുവനന്തപുരം, അമ്പൂരി ഫൊറോനാകളിലും സെമിനാറും ഇലക്ഷനും നടക്കുന്നതായിരിക്കും.

തിരഞ്ഞെടുക്കപ്പെടുന്ന യൂണിറ്റ് ഭാരവാഹികളുടെ പേരും അഡ്രസ്സും അതിരൂപത ഓഫീസിൽ നിന്ന് ലഭിക്കുന്ന ഫോറത്തിൽ പൂരിപ്പിച്ചു ഏകദിന സെമിനാറിനു മുൻപായി ഓഫീസിൽ നൽകേണ്ടതാണ്. നേതൃത്വ പരിശീലന സെമിനാറുകളിൽ ആദ്യന്തം പങ്കെടുക്കാത്തവർക്ക് ഫൊറോന, അതിരൂപത ഇലക്ഷനുകളിൽ മത്സരിക്കുവാനോ വോട്ട് ചെയ്യുവാനോ അവകാശമുണ്ടായിരിക്കില്ല. യാതൊരു ഒഴിവും ഇക്കാര്യത്തിൽ അനുവദിക്കുന്നതല്ല. തിരഞ്ഞെടുപ്പ് ഒഴികെയുള്ള പ്രവർത്തനങ്ങളിൽ അവർക്ക് പങ്കെടുക്കാവുന്നതാണ്. നേതൃത്വ പരിശീലന സെമിനാറിൽ പങ്കെടുക്കുവാൻ വരുമ്പോൾ തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹിയാണ് എന്നതിന് യൂണിറ്റ് ഡയറക്ടർ അച്ചന്റെ സാക്ഷ്യപത്രം ഹാജരാക്കണം. എല്ലാ യൂണിറ്റുകളിൽ നിന്നും (ഒറ്റ യൂണിറ്റായി അഫിലിയേറ്റ് ചെയ്തിരിക്കുന്ന ഇടങ്ങളിൽ ഉൾപ്പടെ) എ, ബി വിഭാഗങ്ങളിൽ നിന്നായി രണ്ട് കൗൺസിലർമാരെ തിരഞ്ഞെടുക്കേണ്ടതാണ്. എ, ബി യൂണിറ്റുകൾ പ്രത്യേകം അഫിലിയേറ്റ് ചെയ്തിട്ടുണ്ടെങ്കിൽ പ്രസിഡന്റ്, സെക്രട്ടറി പദവികളിലേക്കും എ,ബി വിഭാഗങ്ങളിൽ നിന്ന് പ്രത്യേകമായി ഭാരവാഹികളെ തിരഞ്ഞെടുക്കേണ്ടതാണ്. വോട്ടവകാശമുള്ള യൂത്ത് അസംബ്ലി മെമ്പേഴ്സിന് (കൗൺസിലർ, പ്രസിഡന്റ്, സെക്രട്ടറി) മാത്രമേ ഫൊറോന ഇലക്ഷൻ നടക്കുന്ന സ്ഥലത്ത് പ്രവേശിക്കുവാൻ അനുവാദമുള്ളൂ. ഇലക്ഷനോടനുബന്ധിച്ച് മറ്റു പരിപാടികളോ ചർച്ചകളോ അനുവദിക്കുന്നതല്ല.

1. പ്രസ്ഥാനത്തിൽ പ്രവർത്തിച്ചു പരിചയവും താല്പര്യവുമുള്ളവരെ ഭാരവാഹികളായി തിരഞ്ഞെടുക്കുവാൻ ശ്രദ്ധിക്കുക.

2. അഭിവന്ദ്യ പിതാവ് നിർദ്ദേശിച്ചത് പോലെ ഇടവകയിലെ കുടുംബകൂട്ടായ്മകളിൽ നിന്നും യുവജനങ്ങളെ തെരഞ്ഞെടുത്ത് ആനിമേറ്റിങ്ങ് ടീം രൂപീകരിക്കേണ്ടതാണ്. ഈ ടീമിൽ നിന്നുമാണ് യൂണിറ്റ് ഭാരവാഹികളെയും എക്സിക്യൂട്ടിവ് അംഗങ്ങളെയും തിരഞ്ഞെടുക്കേണ്ടത്. ആനിമേറ്റിങ്ങ് ടീമിൽ അംഗമല്ലാത്ത ഒരു വ്യക്തി ഭാരവാഹിത്വത്തിലേക്ക് മത്സരിക്കുവാൻ ആഗ്രഹിക്കുന്ന പക്ഷം നോമിനേഷൻ നൽകേണ്ടതാണ്. തിരഞ്ഞെടുക്കപ്പെട്ടാൽ ആനിമേറ്റിങ്ങ് ടീമിൽ അംഗമാവേണ്ടതും, ഇടവക ശുശ്രൂഷ സംവിധാനത്തോട് പൂർണ്ണമായും ചേർന്ന് പ്രവർത്തിക്കേണ്ടതുമാണ്.

3. 15 വയസ്സ് തികഞ്ഞ +1,+2 വിദ്യാർത്ഥികൾ പ്രസ്ഥാനത്തിന്റെ സജീവ അംഗങ്ങളാണെങ്കിലും യൂണിറ്റ് ഭാരവാഹിത്വത്തിലേയ്ക്ക് അവരെ പരിഗണിക്കാതിരിക്കുന്നതാണ് ഉചിതം.

P.T.O

4. കൗൺസിലർ പദവി പ്രാധാന്യമേറിയതായതിനാൽ മികച്ച നേതൃത്വ ഗുണമുള്ളവരും വിശ്വാസജീവിതം നയിക്കുന്നവരുമായ വ്യക്തികളെ തെരഞ്ഞെടുക്കുവാൻ ശ്രദ്ധിക്കുക.

5. തിരഞ്ഞെടുത്ത എല്ലാവരുടെയും ലിസ്റ്റ് ലീഡേഴ്സ് സെമിനാറിനു മുൻപ് അതിരൂപത ഓഫീസിൽ എത്തിക്കേണ്ടതാണ്.

6. മൂന്നു വർഷത്തിൽ കൂടുതൽ സിൻഡിക്കേറ്റ് മെമ്പർ ആയി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളവരെ മാറ്റി പുതിയ സിൻഡിക്കേറ്റ് മെമ്പറെ തെരഞ്ഞെടുക്കുന്നത് ഉചിതമായിരിക്കും.

7. കാലാവധി തീരുന്നതിന് മുൻപ് ഭാരവാഹിത്വം രാജിവെച്ചവർക്ക് വരുന്ന ഇലക്ഷനിൽ മത്സരിക്കാൻ അനുവാദം ഉണ്ടായിരിക്കുന്നതല്ല.

8. ഫൊറോനാ ഇലക്ഷന് ശേഷം ഫൊറോനയിലെ തിരഞ്ഞെടുക്കപ്പെട്ടവരുടെ പേര്, അഡ്രസ്സ്, ഫോട്ടോ എന്നിവ 2023 ജനുവരി 10ന് മുൻപ് ഓഫീസിൽ എത്തിക്കേണ്ടതാണ്. അല്ലെങ്കിൽ അവർക്ക് അതിരൂപത ഇലക്ഷനിൽ പങ്കെടുക്കുവാൻ സാധിക്കുന്നതല്ല.

9. രാഷ്ട്രീയ പാർട്ടികളുടെയോ, അതിന്റെ പോഷക സംഘടനകളുടെയോ ഭാരവാഹിത്വം വഹിക്കുന്നവരെയോ, ഇലക്ഷനിൽ പങ്കെടുക്കുവാൻ വേണ്ടി സ്ഥാനം രാജിവെച്ചുവരുന്നവരെയോ ഭാരവാഹിത്വത്തിലേക്ക് തിരഞ്ഞെടുക്കരുത്. രാഷ്ട്രീയ പാർട്ടിയിലെ ഭാരവാഹിത്വത്തെപ്പറ്റി എന്തെങ്കിലും സംശയം നിലനിൽക്കുന്നുവെന്ന് ഡയറക്ടർക്ക് ബോധ്യമായാൽ അദ്ദേഹത്തെ തിരഞ്ഞെടുപ്പിൽ നിന്ന് മാറ്റിനിർത്തേണ്ടതാണ്.

10. ഇലക്ഷൻ നടത്തേണ്ട തീയതികൾ:

യൂണിറ്റ് തലം : **2023 ഡിസംബർ 3,9,10,17**

ഫൊറോന തലം : **2023 ഡിസംബർ 31, ജനുവരി 2, 7**

അതിരൂപത ഇലക്ഷൻ ക്യാംപ് : **2024 ജനുവരി 12,13,14**

ഈശോയിൽ സ്നേഹപൂർവ്വം,

ഫാ ജോബിൻ ആനക്കല്ലുങ്കൽ, അതിരൂപത ഡയറക്ടർ
ഇലക്ഷൻ റിട്ടേണിംഗ് ഓഫീസർ

2023 നവംബർ 27